Manorama 27-5-14

# എൻബിഎഫ്സി: മാനദണ്ഡങ്ങൾ പാലിക്കുന്നതായി അസോസിയേഷൻ

**സ്വന്തം ലേഖകൻ**

കൊച്ചി ● ബാങ്കിതര ധനസ്ഥാപനങ്ങൾ (എൻബിഎഫ്സി) റിസർവ് ബാങ്ക് ഓഫ് ഇന്ത്യ (ആർബിഐ) യും കമ്പനി നിയമവും അനുശാസിക്കുന്ന നിയന്ത്രണ മാനദണ്ഡങ്ങൾ കൃത്യമായി പാലിക്കുന്നവയാണെന്നും അവയെ സംശയത്തിന്റെ നിഴലിലാക്കുന്നതു പ്രസ്തുത വ്യവസായത്തിനാകെത്തന്നെ ദോഷകരമാകുമെന്നും അസോസിയേഷൻ ഓഫ് കേരള നോൺ ബാങ്കിങ് ഫിനാൻസ് കമ്പനീസ്. ജനങ്ങളുടെ സാമ്പത്തികാവശ്യങ്ങൾ നിർവഹിക്കുന്ന ഇത്തരം സ്ഥാപനങ്ങളുടെ സാമൂഹിക പ്രസക്തി ഏറെയാണെന്നും അസോസിയേഷൻ ചെയർമാൻ തോമസ് ജോർജ് മുത്തൂറ്റ് അഭിപ്രായപ്പെട്ടു.

എൻബിഎഫ്സികൾ ആർബിഐയുടെ റജിസ്ട്രേഷനോടുകൂടിയാണു പ്രവർത്തിക്കുന്നത്. പ്രവർത്തന മര്യാദകളും മാനദണ്ഡങ്ങളും ആർബിഐ ആവിഷ്കരിച്ചിട്ടുള്ളവയാണ്. ഇടപാടുകളും കണക്കുകളും പരിശോധനയ്ക്കു വിധേയമാണുതാനും. സുതാര്യത ഉറപ്പാക്കിക്കൊണ്ടാണ് എല്ലാ ഇടപാടുകളും. പ്രസിദ്ധീകരിക്കാൻ ബാധ്യതയുള്ള എല്ലാ വിവരങ്ങളും പരസ്യമാക്കാറുമുണ്ട്.

എൻബിഎഫ്സികൾ ഈടാക്കുന്ന പലിശ നിരക്കിനു പരിധി നിശ്ചയിച്ചിട്ടില്ല. എങ്കിലും അവ ന്യായമായ നിരക്കു മാത്രമാണ് ഈടാക്കുന്നത്.

നിരക്കു നിർണയം വിപണി സാഹചര്യങ്ങളുടെ നിയന്ത്രണത്തിലാണെന്നിരിക്കെ അമിത പലിശ ഈടാക്കുക അസാധ്യം. കടുത്ത മൽസരം നിലനിൽക്കുന്ന വ്യവസായത്തിൽ അമിത നിരക്കുകൾക്കു പ്രസക്തിയുമില്ല. കിട്ടാക്കടം നാമമാത്രമാണെന്നതുതന്നെ നിരക്കുകൾ അമിതമല്ലെന്നതിനു തെളിവാണ്.

ചെക്ക്, സ്റ്റാമ്പ് പേപ്പർ എന്നിവയൊന്നും ബ്ലാങ്ക് അവസ്ഥയിൽ സ്വീകരിക്കാറില്ല. സ്വീകരിക്കുന്ന രേഖകളുടെയൊക്കെ ശരിപ്പകർപ്പ് ഇടപാടുകാർക്കു നൽകുന്നുമുണ്ട്.

പരാതി പരിഹാരത്തിനുള്ള ശക്തമായ സംവിധാനമാണു നിലവിലുള്ളത്. എല്ലാ ശാഖകളിലും ഇതു സംബന്ധിച്ച മാർഗനിർദേശങ്ങൾ പരസ്യപ്പെടുത്തിയിട്ടുണ്ട്.

ഈ രീതിയിലുള്ള സേവനത്തിന്റെ പിന്തുണയിലാണ് എൻബിഎഫ്സികൾക്കു ശാഖാശൃംഖല വിപുലമാക്കാൻ കഴിയുന്നത്. അസോസിയേഷൻ തന്നെ നിയന്ത്രണാധികാര സമിതിയെപ്പോലെയാണു പ്രവർത്തിക്കുന്നതെന്ന പ്രത്യേകതയുമുണ്ട്.

ഈ സാഹചര്യത്തിൽ അമിത പലിശയ്ക്കെതിരായുള്ള നടപടികളുടെ പേരിൽ അധികൃതർ പുറപ്പെടുവിക്കുന്ന ആക്ഷേപങ്ങളും ആരോപണങ്ങളും മറ്റും മാന്യമായി പ്രവർത്തിക്കുന്ന എൻബിഎഫ്സികളുടെ സൽപേരിനെ ബാധിച്ചേക്കാമെന്ന ആശങ്കയുണ്ടെന്നു തോമസ് ജോർജ് മുത്തൂറ്റ് പറഞ്ഞു.

# 'Kerala NBFCs operate under RBI norms'

**Kochi:** Association of Kerala Non-banking Financial Companies (NBFCs) is operating as per the rules and regulations of RBI, said Thomas George Muthoot, chairman of the organization, in the wake of the state government's action against illegal moneylending.

According to him, the member organisations don't charge exorbitant interest rates from the customers. "Our interest rates vary between 14% and 22% and these rates are published on the websites of the individual companies. In the market, we compete with banks and hence our rates can't be very high," he noted. "None of our members take blank cheques, stamp papers, promissory notes or title deeds from the customers," Muthoot said. TNN